## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 717** **29/10/2019-ൽ മറുപടിയ്ക്ക്**

## സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാന സഹകരണബാങ്കിന് കിട്ടാക്കടമായി എത്ര കോടി രൂപ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | 31.03.2019-ൽ സംസ്ഥാന സഹകരണ ബാങ്കിന് കിട്ടാക്കടമായി (ലോസ് അസറ്റ്) യാതൊരു സംഖ്യയും ഇല്ല. എന്നാൽ ബാങ്കിന് നിഷ്ക്രിയ ആസ്തിയായി 205.18 കോടി രൂപയുണ്ട്. |
| (ബി) | ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് പ്രസ്തുത തുക ലഭിക്കാനുണ്ടായിരുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി), നുവാൽസ് (NUALS), വടകര സഹകരണ ഹോസ്പിറ്റൽ, കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (അഗ്രീൻകോ), തയ്യിൽ ഫോട്ടോഗ്രാഫിക്സ് പ്രൈവറ്റ് ലിമിറ്റഡ്, ജോർജ്ജ് അറയ്ക്കൽ പ്രൈവറ്റ് ലിമിറ്റഡ്, വെസ്റ്റ് ഫെയ്സ്, ബെൻടെക് ഇലക്ട്രിക്കൽ പ്രൈവറ്റ് ലിമിറ്റഡ്, ഗാന്ധിഗ്രാം റബ്ബേഴ്സ് ലിമിറ്റഡ്, ചൈത്രം കെയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ജയരാജ് സീഷോർ, ലേയ്ക്ക് വ്യൂ ആയുർവേദിക് റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് മുതലായ സ്ഥാപനങ്ങൾക്ക് പുറമേ വ്യക്തിഗത വായ്പകളും ഉൾപ്പെടുന്നതാണ് പ്രസ്തുത തുകയായ 205.18 കോടി രൂപ. |
| (സി) | റബ്കോയിൽ നിന്നും ലഭിക്കുവാനുണ്ടായിരുന്ന തുക സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ; | (സി) | കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് (കേരള ബാങ്ക്) രൂപീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന്റെ ഭാഗമായി റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിലെ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ പദ്ധതി പ്രകാരം 306.75 കോടി രൂപ (മാർക്കറ്റ് ഫെഡ് - 27.01 കോടി രൂപ, റബ്ബർമാർക്ക് - 41.39 കോടി രൂപ, റബ്കോ - |

| | | | |
|---|---|---|---|
| | | | 238.35 കോടി രൂപ) കേരള സംസ്ഥാന സഹകരണ ബാങ്കിന് സർക്കാർ അനുവദിച്ചിട്ടുണ്ട്.<br>മേൽ സ്ഥാപനങ്ങൾക്കുള്ള സർക്കാർ വായ്പ-യായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്. |
| (ഡി) | സംസ്ഥാന സഹകരണബാങ്ക് നിലവിൽ എത്ര കോടി രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാന സഹകരണ ബാങ്ക് ലാഭത്തിലാണ് പ്രവർത്തിച്ച് വരുന്നത്. |
| (ഇ) | ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണബാങ്കിൽ ലയിപ്പിക്കുന്നതോടുകൂടി നിലവിലുള്ള ഏതെങ്കിലും ശാഖകൾ അടച്ചുപൂട്ടി അതിലെ ജീവനക്കാരെ പിരിച്ചുവിടേണ്ട സ്ഥിതി ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ശാഖകൾ അടച്ചു പൂട്ടേണ്ടതിന്റെയോ ജീവനക്കാരെ പിരിച്ചുവിടേണ്ടതിന്റെയോ സാഹചര്യം ഉണ്ടാകില്ല. |

സെക്ഷൻ ഓഫീസർ.